
# PROSPECTUS




# MARYGIRI WELFARE CENTRE ITI (PRIVATE)

Permanently Affiliated to National Council for Vocational Training, Govt. of India (NCVT)
No: DGET-12/1/1996-TC, Dated. 22.02.1996

PODIKKALAM, SREEKANDAPURAM, KANNUR DT., KERALA-670631
PH: 0460 2231058, 9446207692, 9446207692
Email: marygiriskpm@gmail.com, Web: www.marygiriiti.com

An Institute Managed by CST Brothers

# ആമുഖം

കണ്ണൂർ ജില്ലയിലെ മലയോരമേഖലയായ ശ്രീകണ്ഠപുരത്ത് 1992 ൽ **C.S.T.** ബ്രദേർസ് തുടക്കം കുറിച്ച സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനമാണ് മേരിഗിരി **ITI (PVT.)**. 1996–ൽ ഇതിന് ഇന്ത്യാ ഗവൺമെന്റിന്റെ സ്ഥിരാംഗീകാരം ലഭിച്ചു. ചുരുങ്ങിയ കാലം കൊണ്ടു തന്നെ ഈ രംഗത്ത് പേരെടുത്ത മേരിഗിരി **ITI** ക്ക് ഇപ്പോൾ പതിറ്റാണ്ടുകളുടെ പരിചയ സമ്പത്തും, നൂതന സാങ്കേതിക വിദ്യകളുടെ സഹായത്താൽ വിദഗ്ധരായ അധ്യാപകർ നയിക്കുന്ന ക്ലാസുകളും മുതൽക്കൂട്ടാണ്. അനുദിനം വളർന്നുകൊണ്ടിരിക്കുന്ന ഓട്ടോമൊബൈൽ എഞ്ചിനീയറിംഗിൽ 2 വർഷത്തെ NCVT(GOVT. OF INDIA) കോഴ്സാണ് ഇവിടെ നടത്തി വരുന്നത്. ഇവിടെ ട്രെയിനിംഗ് കഴിഞ്ഞ് സ്വദേശത്തും വിദേശത്തും ഗവൺമെന്റ് – സ്വകാര്യമേഖലകളിൽ പ്രവർത്തിക്കുന്നവരും സ്വയം സംരംഭകരും ആയ ഞങ്ങളുടെ പൂർവ്വ വിദ്യാർത്ഥികൾ തന്നെ ഈ മേഖലയിലെ വിദഗ്ധരുടെ ആവശ്യത്തിന് സാക്ഷികളാണ്.

അതിവിശാലമായ പ്രാക്ടിക്കൽ സൗകര്യം, ഡ്രൈവിംഗ് സ്കൂൾ, ബോഡി പേച്ച് വർക് & പെയിന്റിംഗ് സെക്ഷനുകൾ, സർവ്വീസ് സ്റ്റേഷൻ, കാർപ്പന്ററി സെക്ഷൻ, കമ്പ്യൂട്ടർ സെന്റർ എന്നിവക്ക് പുറമേ സ്മാർട്ട് ക്ലാസ് സൗകര്യവും മേരിഗിരിയുടെ പ്രത്യേകതയാണ്. വിവര വിസ്ഫോടനത്തിന്റെ ഈ കാലത്തിനൊത്ത് മുന്നേറുവാൻ ഇവിടുത്തെ കുട്ടികൾക്ക് അടിസ്ഥാന കമ്പ്യൂട്ടർ പ്രവർത്തനങ്ങളിലും ഇന്റർനെറ്റ്, ഇമെയിൽ തുടങ്ങിയവയിലും സൗജന്യമായി പരിശീലനം നൽകുന്നു. പ്രൊജക്ടർ ഉപയോഗിച്ചുള്ള മൾട്ടിമീഡിയ – അനിമേറ്റഡ് സാങ്കേതിക വിദ്യ വഴി വാഹനഭാഗങ്ങളും പ്രവർത്തനവും മനസ്സിലാക്കുവാനും പഠിക്കുവാനും സഹായിക്കുന്ന സ്മാർട്ട് ക്ലാസ്സ്, ഓട്ടോമൊബൈൽ കോഴ്സിൽ മേരിഗിരിയുടെ മാത്രം പ്രത്യേകതയാണ്.

ഇന്റർനെറ്റ് സൗകര്യത്തോടുകൂടിയ കമ്പ്യൂട്ടറുകൾ വിവരശേഖരണത്തിനും സംശയ നിവാരണത്തിനും കുട്ടികളെ സഹായിക്കുന്നു.

പാഠ്യേതര വിഷയങ്ങളിലും മികവു പുലർത്തുന്ന മേരിഗിരിയിൽ കായികവും മാനസികവുമായ വികാസത്തിനുവേണ്ടി വിശാലമായ ഗ്രൗണ്ടും സ്പോർട്സ് ഉപകരണങ്ങളും സജ്ജമാക്കിയിരിക്കുന്നു. പരിചയ സമ്പന്നരായ അധ്യാപകരും, വിപുലവും ആധുനികവുമായ പഠനസൗകര്യങ്ങളും, തികഞ്ഞ അച്ചടക്കവും തികവുറ്റ മാനേജ്മെന്റും മികച്ച വിജയശതമാനം നേടുന്നതിനൊപ്പം സംസ്ഥാനത്തെ മികച്ച ITI കളിലൊന്നായി മാറാൻ ഞങ്ങളെ പ്രാപ്തരാക്കുന്നു.









# കോഴ്സുകൾ

## ഓട്ടോമൊബൈൽ
### (മെക്കാനിക് മോട്ടോർ വെഹിക്കിൾ MMV)

6 മാസം വീതമുള്ള 4 സെമസ്റ്ററുകളായിട്ടാണ് ഇതിന്റെ പരിശീലനം. ഓരോ സെമസ്റ്ററിനും അവസാനം തിയറി, പ്രാക്ടിക്കൽ പരീക്ഷകൾ NCVT മേൽനോട്ടത്തിൽ നടത്തപ്പെടുന്നു. വിദ്യാർത്ഥികൾ വിജയപ്രദമായി കോഴ്സ് പൂർത്തീകരിച്ച് NCVT സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് 4 സെമസ്റ്ററുകളിലെയും എല്ലാ പരീക്ഷകളും പാസാകേണ്ടതാണ്. സെമസ്റ്റർ കാലയളവിൽ 80% ഹാജർ ഉള്ള വിദ്യാർത്ഥികൾക്ക് മാത്രമേ പരീക്ഷ എഴുതുവാൻ അർഹത ഉണ്ടായിരിക്കുകയുള്ളൂ.

## കാർപെന്റർ
### (NON FORMAL)

എല്ലാ വിധ മരപ്പണികളും വിവിധ മെഷീനുകളുടെ സഹായത്താൽ ചെയ്യുവാൻ പരിശീലിപ്പിക്കുന്ന കോഴ്സ്.

## കമ്പ്യൂട്ടർ കോഴ്സുകൾ

PGDCA, DCA, AUTO CAD
TALLY, DTP, PHOTOSHOP
MS OFFICE, INTERNET
തുടങ്ങിയ കമ്പ്യൂട്ടർ കോഴ്സുകൾ ഇവിടെ മിതമായ ഫീസിൽ നടത്തപ്പെടുന്നു

## മോട്ടോർ ഡ്രൈവിംഗ് & ബേസിക് മെക്കാനിസം

കാർ, ജീപ്പ്, മോട്ടോർ സൈക്കിൾ, ത്രീവിലർ എന്നിവയിൽ പരിശീലനം നൽകുന്നതിനോടൊപ്പം ബേസിക് മോട്ടോർ മെക്കാനിസം ക്ലാസുകളും നൽകുന്ന കോഴ്സ്.

# നിയമാവലി

1. സ്ഥാപനത്തിന്റെ സുഗമമായ നടത്തിപ്പിന് അധികാരികൾ സമയാസമയങ്ങളിൽ എടുക്കുന്ന തീരുമാനങ്ങൾ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾ പാലിക്കേണ്ടതാണ്.

2. ഓരോ വിദ്യാർത്ഥിയും കർശനമായ അച്ചടക്കം പാലിക്കേണ്ടതാണ്. സ്വഭാവ ദൂഷ്യം, ക്രമരഹിതമായ ഹാജർ, അച്ചടക്കമില്ലായ്മ എന്നിവ വിദ്യാർത്ഥിയെ പുറത്താക്കുന്നതിനോ സ്ഥിരമായി നീക്കം ചെയ്യുന്നതിനോ കാരണമാകുന്നതാണ്.

3. ക്രമമായ ഹാജർ, മര്യാദ, വിനയത്തോടുള്ള സംഭാഷണം, നല്ല സ്വഭാവം, വൃത്തി മുതലായവ പാലിക്കേണ്ടതാണ്.

4. സ്ഥാപനത്തിനകത്തും പരിസരത്തും, പുകവലി, മുറുക്കൽ, മദ്യപാനം, മറ്റ് ലഹരിവസ്തുക്കളുടെ ഉപയോഗം മുതലായവ കർശനമായും നിരോധിച്ചിരിക്കുന്നു.

5. കെട്ടിടം, ഉപകരണങ്ങൾ, യന്ത്രങ്ങൾ മുതലായവ കേടുപാടുകൂടാതെ സൂക്ഷിക്കേണ്ടതാണ്. കേടു വരുത്തുന്നവർ അത് നന്നാക്കിതരേണ്ടതും, കൂടാതെ അവരിൽ നിന്ന് പിഴ ഈടാക്കുന്നതുമാണ്.

6. ട്രെയിനികളുടെ പുസ്തകങ്ങൾ, ഉപകരണങ്ങൾ എന്നിവ സ്വന്തം ഉത്തരവാദിത്വത്തിൽ സൂക്ഷിക്കേണ്ടതാണ്.

7. ക്ലാസ് സമയത്ത് യൂനിഫോം ധരിക്കാത്തവരെ ക്ലാസിൽ നിന്നും പുറത്താക്കുന്നതാണ്.

8. പ്രാക്ടിക്കൽ ക്ലാസുകൾക്കുശേഷം പ്രവൃത്തി സ്ഥലം വൃത്തിയാക്കേണ്ടതാണ്.

9. വർക് ഷോപ്പിൽ വർക് ഷോപ്പ് യൂനിഫോം ധരിക്കുകയും ആവശ്യമായ മുൻകരുതൽ പാലിക്കേണ്ടതുമാണ്.

10. അവധിയെടുക്കുകയോ വൈകി വരികയോ ചെയ്യുന്ന ട്രെയിനികൾ പ്രിൻസിപ്പളിന്റെ അനുവാദം കൂടാതെ ക്ലാസിൽ പ്രവേശിക്കുവാൻ പാടുള്ളതല്ല.

11. ലീവിനുള്ള അപേക്ഷ നിശ്ചിത ഫോറത്തിൽ ലീവെടുക്കുന്നതിന് മുൻപോ തൊട്ടടുത്ത ദിവസമോ നൽകേണ്ടതാണ്. 80% ഹാജർ ഇല്ലാത്ത വിദ്യാർത്ഥികൾക്ക് NCVT ട്രേഡ് ടെസ്റ്റിന് ഇരിക്കാൻ യോഗ്യത ഉണ്ടായിരിക്കുകയില്ല.

12. രോഗം മൂലം അവധിയെടുത്ത ട്രെയിനികൾ സ്ഥാപനത്തിൽ തിരിച്ചുവരുമ്പോൾ അംഗീകൃത മെഡിക്കൽ പ്രാക്ടീഷണരുടെ മെഡിക്കൽ സർട്ടിഫിക്കറ്റും ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്. ലീവ് മൂന്നുദിവസത്തിൽ കൂടുകയാണെങ്കിൽ പ്രിൻസിപ്പളിനെ രേഖാമൂലം അറിയിക്കേണ്ടതാണ്.

13. തുടർച്ചയായ പത്ത് ദിവസം ലീവ് ആപ്ലിക്കേഷൻ നൽകാതെ ഹാജരാകാതിരിക്കുന്ന ട്രെയിനികളുടെ പേര് രജിസ്റ്ററിൽ നിന്ന് നീക്കം ചെയ്യുന്നതാണ്.

14. ഒരു ട്രെയിനിക്ക് ഒരു വർഷം 12 കാഷ്വൽ ലീവും 15 മെഡിക്കൽ ലീവും 3 ആഴ്ച സ്പെഷ്യൽ മെഡിക്കൽ ലീവും എടുക്കാവുന്നതാണ്.

15. അധികാരികളുടെ അനുവാദമില്ലാതെ യോഗങ്ങൾ സംഘടിപ്പിക്കുന്നതിൽ നിന്നും പുറത്തുള്ളവരെ സ്ഥാപനത്തിൽ ക്ഷണിച്ചുവരുത്തുന്നതിൽ നിന്നും വിദ്യാർത്ഥികളെ തടഞ്ഞിരിക്കുന്നു.

16. അർഹതയുള്ള വിദ്യാർത്ഥികൾക്ക് ബസ് കൺസഷൻ, ഹരിജൻ വെൽഫയർ ഡിപ്പാർട്ട്മെന്റ്, സോഷ്യൽ വെൽഫയർ ഡിപ്പാർട്ട്മെന്റ് എന്നിവിടങ്ങളിൽ നിന്നും സ്റ്റൈഫന്റ്,/ സ്കോളർഷിപ്പ് എന്നിവ ലഭിക്കുന്നതായിരിക്കും.

17. പ്രിൻസിപ്പാളിൽ നിന്നും ലഭിക്കുന്ന ഐഡന്റിറ്റി കാർഡുകൾ ആവശ്യപ്പെടുമ്പോൾ കാണിക്കേണ്ടതും, കോഴ്സ് നിറുത്തിപോകുമ്പോൾ തിരിച്ചേൽപ്പിക്കേണ്ടതുമാണ്.

18. സ്ഥാപനത്തിന്റെ നടത്തിപ്പിനാവശ്യമായ തുക വിദ്യാർത്ഥികളിൽ നിന്നും ഫീസായി ഈടാക്കുന്നതാണ്. ഒരിക്കൽ നൽകിയ ഫീസ് ഒരു കാരണവശാലും തിരികെ നൽകുന്നതല്ല. ഒരു വിദ്യാർത്ഥി സ്വയം പഠനം നിറുത്തുകയോ, വിദ്യാർത്ഥിയെ സ്ഥാപനത്തിൽ നിന്നും പുറത്താക്കുകയോ ചെയ്താൽ സ്ഥാപനത്തിലേക്ക് നൽകേണ്ടതായ മുഴുവൻ ഫീസും നൽകേണ്ടതാണ്. അതിനുശേഷം മാത്രമേ SSLC സർട്ടിഫി ക്കറ്റ് രേഖ മുതലായവ നൽകുകയുള്ളൂ.

19. ട്രെയിനികൾ ITI കോമ്പൗണ്ടിൽ മൊബൈൽ ഫോൺ കൊണ്ടുവരികയോ ഉപയോഗിക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല. സ്ഥാപനത്തിൽ വച്ച് മൊബൈൽഫോൺ പിടിക്കപ്പെട്ടാൽ ഫോൺ, സിം എന്നിവ തിരിച്ചുകൊടുക്കുന്നതല്ല.

20. ഈ നിർദ്ദേശങ്ങളും നിബന്ധനകളും സംബന്ധിച്ചുള്ള പരാതികളിൽ സ്ഥാപന മേധാവിയുടെ തീരുമാനം അന്തിമമായിരിക്കും.






B.F.2559

